വിഷയം:- പരിസ്ഥിതി

(കഥ)

## "വേരുകൾ നഷ്ടപ്പെടുന്നവർ"

നഗരത്തിന്റെ മനം മടുപ്പിക്കുന്ന തിരക്കിൽ നിന്നൊരു മോചനം തേടിയാണവൾ നാട്ടിലെ തറവാട്ടുവീട്ടിൽ എത്തിയത്. മുറ്റത്തെ ഇലഞ്ഞിമരച്ചുവട്ടിൽ കാർ നിർത്തി ബാഗുമെടുത്ത് പൂമുഖത്തെ ഇറയത്ത് വെച്ചു. നിറഞ്ഞ ചിരിയോടെ മുത്തശ്ശി പറഞ്ഞു! "കാലും കൈയ്യും മുഖവുമെല്ലാം കഴുകി വരൂ കുട്ടി". അവൾക്കപ്പോൾ പഴയകാല ശുചിത്വ ബോധത്തെ സ്വയം വാഴ്ത്താതിരിക്കാനായില്ല. പൈപ്പ് തുറന്ന് അരികിൽ വെച്ചിരിക്കുന്ന സോപ്പെടുത്ത് കൈകാലുകളും മുഖവും കഴുകി മുത്തശ്ശി നൽകിയ തോർത്തെടുത്ത് തുടച്ചു. അമ്മയും അനിയനുമായി അവൾ അകത്തേക്ക് കടന്നു. "അച്ഛനെവിടെ അമ്മേ"? അവൾ ചുറ്റും നോക്കി. പുറത്തളത്തിലിരുന്ന് മാസ്കുകൾ തയ്യാറാക്കുന്നതിരക്കിലായിരുന്നു അച്ഛൻ. "എന്തെങ്കിലും കഴിച്ച് വരൂ കുട്ടി"

അടുക്കളയിൽ ചെന്ന് അമ്മ തയ്യാറാക്കിയ ചായ കുടിച്ച് അനിയനുമായി തൊടിയിലേക്കിറങ്ങി.

വീടിന്റെ കിഴക്ക്പുറത്തുള്ള മാതളനാരകം പൂത്തിരിക്കുന്നു. ഓറഞ്ച് നിറമുള്ള അതിന്റെ പൂക്കൾക്കെന്തു ഭംഗി! മാവിൻ ചുവട്ടിലൂടെ തൊടിയിലെത്തി. പാടത്തിൻ കരയിലെത്തി അനുജനുമായി ശുദ്ധവായു ശ്വസിച്ച് അൽപം നടന്നു. "ഇതാരുടെ ഫ്ലാറ്റാ മോനേ? വയലിൻ നടുക്കൊരു ഫ്ലാറ്റ്. അഞ്ചു നിലയുണ്ട്. പാടം മുഴുവൻ മണ്ണിട്ടു നികത്തി പല കെട്ടിടങ്ങളും. കുറച്ചകലെയായി ഏതോ കമ്പനിയുടെ പുകക്കുഴലും ഉയർന്നുകാണാം.

ജലസമൃദ്ധമായിരുന്ന പെരുവഴിത്തോട് വരണ്ട് കിടക്കുന്നു. അത് തീരെ ശുഷ്കിച്ചുമിരിക്കുന്നു. ഒരു വെള്ളപ്പൊക്കമുണ്ടായാൽ പൊങ്ങിവരുന്ന വെള്ളം എങ്ങനെ ഒഴുകിപ്പോകും? ഇടങ്ങളെല്ലാം ഉയർന്ന മതിൽക്കെട്ടുകളുമാണ്. വയലിൻ നടുവിലായി ഒരു ടാറിട്ട പാത കിഴക്കോട്ടു പോകുന്നു. മോട്ടോർ വാഹനങ്ങൾ ചീറിപ്പായുന്നു. അതിന്റെ പുകപടലങ്ങൾ ഗ്രാമം മുടെ പൊങ്ങിപ്പറക്കുന്നു.

അവൾക്കപ്പോൾ കരയാനാണ് തോന്നിയത്. മുത്തശ്ശിയുടെ കൈപിടിച്ച് പാടവരമ്പിലൂടെ ഭഗവതിക്കാവിലേക്ക് നടന്നു പോയിരുന്ന ബാല്യത്തിലെ സ്മരണകളെ നിറച്ചാർത്തണിയിച്ചപ്പോൾ അവളുടെ ഉള്ളം പിടഞ്ഞു. കുളക്കോഴികളും, പൂത്താങ്കിരികളും, ഓരി പ്രാവുകളും പാറി നടന്നിരുന്ന പാടത്ത് ഇന്നൊരു തുമ്പിയെ പോലും കാണാനില്ല! ഒരു ശലഭം പോലും പാറിവന്നില്ല!

പരിസ്ഥിതി ബോധമില്ലാത്ത ഒരുജനസമൂഹത്തിന്റെ വീണ്ടുവിചാരമില്ലാത്ത ചെയ്തികളുടെ ഫലങ്ങൾ അനുഭവിക്കേണ്ടി വരുന്ന ഒരു തലമുറയെ അവൾ പേടിയോടെ ഓർത്തു.

വീട്ടിലേക്ക് തിരിച്ച് നടക്കുമ്പോൾ അവൾ എന്തെന്നില്ലാതെ കിതക്കുന്നുണ്ടായിരുന്നു.

By
നന്ദന.കെ.എസ്.